# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 218 | 09.06.2014-ൽ മറുപടിയ്ക്ക്

### സൈബർ കുറ്റകൃത്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും വേണ്ടി എന്തെല്ലാം ക്രമീകരണങ്ങളാണ് നിലവിൽ ഉള്ളത് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും അന്വേഷണം നടത്തുന്നതിനും ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് SHO ആയ ഒരു സൈബർ പോലീസ് സ്റ്റേഷൻ 01.07.2009 മുതൽ പട്ടം എസ്.സി.ആർ.ബി കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. പോലീസ് ആസ്ഥാനത്ത് അസിസ്റ്റന്റ് കമാന്റന്റിന്റെ നേതൃത്വത്തിൽ ഹൈടെക് ക്രൈം എൻക്വയറി സെല്ലും, എല്ലാ ജില്ലകളിലും ക്രൈം ഡിറ്റാച്ച്മെന്റ് Dy.SP / ACP മാരുടെ കീഴിൽ ഓരോ സൈബർ സെല്ലും പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എന്തെല്ലാം സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൈബർ പോലീസ് സ്റ്റേഷനിലേയ്ക്ക് ഒരു ഡി.വൈ.എസ്.പി, 4 ഇൻസ്പെക്ടർ, 3 എസ്.ഐ, 5 എ.എസ്.ഐ, 10 SCPO എന്നീ പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ സൈബർ സെല്ലുകളിലേയ്ക്ക് ആവശ്യമായ 133 തസ്തികകൾ വിവിധ വിഭാഗങ്ങളിലായും അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിനു പുറമേ Password Cracker, ഹാർഡ്‌വയർ ആന്റ് സോഫ്റ്റ് വയർ, മൊബൈൽ ഫോൺ എക്സ്ട്രാക്ടർ, കോൾ ഡാറ്റാ അനാലിസിസ് സോഫ്റ്റ് വയർ, സൈബർ ഫോറൻസിക് ടൂൾസ് മുതലായ ആധുനിക ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) പ്രസ്തുത ക്രമീകരണങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിവരം വാർഷിക ക്രമത്തിൽ വ്യക്തമാക്കാമോ; | (സി) അത്യാധുനിക ഉപകരണങ്ങൾക്കായി MoPF (മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ്) സ്കീം പ്രകാരം 2011-2012 ൽ 4,28,527 (നാല് ലക്ഷത്തിൽ ഇരുപത്തി എണ്ണായിരത്തി അഞ്ഞൂറ്റി ഇരുപത്തിഏഴ് രൂപ)രൂപയും 2012-2013 ൽ 5,06,171 ( അഞ്ച് ലക്ഷത്തി ആറായിരത്തി ഒരുനൂറ്റി എഴുത്തിയൊന്ന് രൂപ) രൂപയും പ്ലാൻ സ്കീം പ്രകാരം 2013-2014 ൽ 150 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ഡി) & (ഇ) നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണ് എന്നിരുന്നാലും ശാസ്ത്ര സാങ്കേതിക വിദ്യയുടെ പുരോഗതിയ്ക്കനുസരിച്ച് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ട ക്രമീകരണങ്ങൾ നവീകരിക്കേണ്ടതുണ്ട്. |
| (ഇ) എങ്കിൽ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം പുതിയ ക്രമീകരണങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | |

Mathy

സെക്ഷൻ ഓഫീസർ